നമ്പർ ഇ.എക്സ്/സി.ജി.എൽ(1)/39201/2019/സി.ജി.ഇ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,തിരുവനന്തപുരം, തീയതി 24-05-2020

## സർക്കുലർ

വിഷയം: എസ്.എസ്.എൽ.സി./ ഹയർ സെക്കന്ററി /വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളുടെ നടത്തിപ്പ്- സംബന്ധിച്ച്.

സൂചന: ഇ.എക്സ്/സി.ജി.എൽ(1)/39200/2019/സി.ജി.ഇ തീയതി, 23.05.2020.

.......

മേൽ സൂചന പ്രകാരം ഹാൾടിക്കറ്റ് കൈവശമില്ലാത്ത വിദ്യാർത്ഥികൾ സെന്റർ മാറ്റം ലഭിച്ച അറിയിപ്പിന്റെ പ്രിന്റൗട്ടും, തിരിച്ചറിയൽ കാർഡും ഹാജരാക്കി പരീക്ഷ എഴുതാമെന്ന് സൂചിപ്പിച്ചിരുന്നു. എന്നാൽ കേന്ദ്രമാറ്റം ലഭ്യമായി എത്തുന്ന വിദ്യാർത്ഥികളെ സംബന്ധിച്ച് പ്രിൻസിപ്പാൾമാർക്ക് ഇക്കാര്യത്തിലെ സുതാര്യത ഉറപ്പു വരുത്തുന്നതിനായി ഹയർസെക്കന്ററി/ വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാർത്ഥികളെ സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1) പരീക്ഷാ കേന്ദ്രമാറ്റം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ അതു വ്യക്തമാക്കുന്ന സ്ലിപ്പും, ഹാൾടിക്കറ്റും സഹിതം ഹാജരാകേണ്ടതാണ്.
2) പരീക്ഷാ കേന്ദ്രമാറ്റം ലഭിച്ച ഏതെങ്കിലും വിദ്യാർത്ഥിക്ക് ഹാൾടിക്കറ്റ് കൈവശം ഇല്ലായെങ്കിൽ വിദ്യാർത്ഥിയുടെ മാതൃസ്കൂൾ പ്രിൻസിപ്പാൾ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്ത് പുതുതായി അനുവദിച്ച കേന്ദ്രത്തിലെ പ്രിൻസിപ്പാളിന് ഇ. മെയിൽ ആയി നൽകേണ്ടതാണ്.
3) പുതിയ കേന്ദ്രത്തിലെ പ്രിൻസിപ്പാൾ അതു ഡൗൺ ലോഡ് ചെയ്ത് പ്രിന്റ് എടുത്ത് വിദ്യാർത്ഥിക്ക് നൽകേണ്ടതും, പരീക്ഷ എഴുതിക്കേണ്ടതുമാണ്.

ഈ മാറ്റങ്ങളോടെ സൂചന പ്രകാരമുള്ള സർക്കുലർ നിലനിൽക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ & പരീക്ഷാകമ്മീഷണർ

Scanned with CamScanner